**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2728** **22-01-2021 - ൽ മറുപടിയ്ക്ക്**

**കുറുക്കൻകുണ്ട് പ്രദേശത്തെ വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | മണ്ണാർക്കാട് താലൂക്കിലെ കള്ളമല വില്ലേജിൽ കുറുക്കൻകുണ്ട് പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ വൈദ്യുതീകരണത്തിനായി നൽകിയ അപേക്ഷ വനം വകുപ്പ് നിഷേധിക്കുവാനുണ്ടായ കാരണം എന്തെന്ന് വിശദമാക്കാമോ; | (എ) | മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനിലെ അഗളി റെയിഞ്ചിൽ വി.എഫ്.സി. ഐറ്റം നമ്പർ 124 B ഓന്തുമല മലവാരത്തിൽ വരുന്ന സർക്കാർനിക്ഷിപ്ത വനത്തിന്റെ ഭാഗമാണ്. കുറുക്കൻകുണ്ട്. 1971 ലെ കേരള സ്വകാര്യ വനം (നിക്ഷിപ്തമാക്കലും, പതിച്ചുകൊടുക്കലും) നിയമ സെക്ഷൻ 3(1) പ്രകാരം സംസ്ഥാനത്തെ എല്ലാ സ്വകാര്യ വനങ്ങളും 10.05.1971 ൽ സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളതാണ്. ഓന്തുമല മലവാരത്തിലെ മേൽ വനത്തിന്റെ സർവ്വെ ഡീമാർക്കേഷൻ എന്നിവ 1974-77 കാലയളവിൽ പൂർത്തീകരിക്കുകയും അവ ചട്ടങ്ങൾ പ്രകാരം 10.10.1979 ൽ നിക്ഷിപ്ത വനമായി വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. ഈ പ്രദേശമുൾപ്പെടുന്ന കള്ളമല വില്ലേജിൽ റീസർവ്വേ ജോലികൾ പൂർത്തികരിച്ചിട്ടുള്ളതും ആയത് ഫലത്തിൽ വരുത്തിയിട്ടുള്ളതുമാണ് . റീസർവ്വേ രേഖകൾ പ്രകാരം മേൽ ഭൂമി വനഭൂമിയിൽ ഉൾപ്പെട്ടുവരുന്നുണ്ട്. 1971 -ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ് ആക്ട് സെക്ഷൻ 4 പ്രകാരം നിക്ഷിപ്ത വനങ്ങൾക്ക് റിസർവ്വ് വനത്തിന്റെ സ്റ്റാറ്റസ് ഉണ്ട്. 1990-91 കാലത്ത് റവന്യു- വനം വകുപ്പുകൾ ഈ പ്രദേശത്ത് സംയുക്ത പരിശോധന നടത്തുകയും മേൽ ഭൂമി പൂർണ്ണമായും വനഭൂമിയിൽ ഉൾപ്പെടുന്നതാണെന്നും കണ്ടിട്ടുള്ളതാണ്. 1977-ന് ശേഷം വനം കയ്യേറി കൈവശം വെച്ചിരിക്കുന്നവരെ ഒഴിപ്പിക്കുന്നത് സർക്കാരിന്റെ പ്രഖ്യാപിതനയവും ബഹു.ഹൈക്കോടതിയുടെ OP -18467/2002, 1947/2003 നമ്പർ എന്നിവയിലെ 04/09/2015 ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 01/01/1977-ന് ശേഷം വനം കയ്യേറി കൈവശം വെച്ചിട്ടുള്ള കുറുക്കൻകുണ്ടിലെ 46 പേർക്ക് വനഭൂമിയിൽ നിന്ന് |

ഒഴിഞ്ഞു പോകുന്നതിന് 10/09/2018 തിയ്യതിലെ A3-5890/17 നമ്പർ പ്രകാരം മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നോട്ടിസ് നൽകിയിരുന്നു. ഈ നോട്ടിസിനെതിരെ കുറുക്കൻകുണ്ടിൽ ഭൂമിക്ക് അവകാശം ഉന്നയിക്കുന്ന 41 പേർ ചേർന്ന് ബഹു.ഹൈക്കോടതി മുമ്പാകെ WP(C)32102 /18 ഫയൽ ചെയ്തിരുന്നു. തർക്ക സ്ഥലത്ത് താമസിച്ച് വരുന്നവർ ഉണ്ടെങ്കിൽ അവർക്ക് ഉത്തരവ് തിയ്യതി തൊട്ട് രണ്ടു മാസത്തിനകം തർക്ക നിവൃത്തിക്കായി ബന്ധപ്പെട്ട ട്രൈബ്യൂണലിനെ സമീപിക്കാവുന്നതാണെന്നും, അല്ലാത്തവരെ തർക്ക സ്ഥലത്ത് പ്രവേശിക്കുവാനോ, മരങ്ങൾ മുറിക്കുവാനോ വനവിഭവങ്ങൾ നീക്കം ചെയ്യുവാനോ അനുവദിക്കരുതെന്നും നിർദ്ദേശിച്ചുകൊണ്ട് മേൽ റിട്ട് ഹർജി ബഹു. ഹൈക്കോടതി 04/12/2019 ൽ തീർപ്പാക്കി ഉത്തരവാകുകയുണ്ടായി. ടി വിധിക്കെതിരെ റിട്ട് അപേക്ഷകർ WA-202/20 അപ്പീൽ ഫയൽ ചെയ്തിരുന്നു. പ്രശ്ന പരിഹാരത്തിനായി രണ്ട് മാസത്തിനകം ഫോറസ്റ്റ് ട്രിബ്യൂണലിനെ സമീപിക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് പ്രസ്തുത റിട്ട് അപ്പീൽ 06.11.2020 -ന് ബഹു. ഹൈക്കോടതി തീർപ്പാക്കിയിട്ടുണ്ട്. എന്നാൽ ഈ സമയപരിധിക്കകം പ്രസ്തുത ഹർജിക്കാർ ഫോറസ്റ്റ് ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷ സമർപ്പിച്ചതായി അറിയുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. ബഹു.ഹൈക്കോടതി മുമ്പാകെ പ്രദേശവാസികൾ സമർപ്പിച്ചWP(C) 32102/2018 കേസിലെ 41 പേരിൽ 11 പേര് മാത്രമാണ് അവിടെ താമസിക്കുന്നത്. വനഭൂമി കയ്യേറി മറ്റു ചിലരും ഇവിടെ താമസിക്കുന്നുണ്ട്. വനം വകുപ്പിന്റെ അന്വേഷണത്തിൽ ഇതേവരെ ഈ വന പ്രദേശത്ത് ലാന്റ് ട്രൈബ്യൂണൽ 1974-നും അതിനുശേഷവും ധാരാളം പട്ടയങ്ങൾ വിവിധ വ്യക്തികൾക്ക് നൽകിയതായി അറിഞ്ഞിട്ടുണ്ട്. ഇത് വനം വകുപ്പിനെ കക്ഷി ചേർക്കാതെയും നിയമവിരുദ്ധമായും നൽകിയ പട്ടയങ്ങളാണ്. മേൽ വനഭൂമിയിൽ ലാന്റ് ട്രൈബ്യൂണൽ അനുവദിച്ചതായി കണ്ടെത്തിയ 22പട്ടയങ്ങൾ റദ്ദ് ചെയ്യുന്നതിന് അപ്പലേറ്റ് അതോറിറ്റി, തൃശ്ശൂർ മുമ്പാകെ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതിയിൽ പ്രദേശവാസികൾ സമർപ്പിച്ച റിട്ട് അപ്പീൽ - 202/2020 കേസിൽ മേൽ പട്ടയങ്ങൾ സംബന്ധിച്ച് ബഹു.ഹൈക്കോടതി വിശദമായി പരിശോധിക്കുകയും വനഭൂമിയിൽ ഇത്തരം പട്ടയങ്ങൾ അനുവദിക്കുന്നതിന് ലാന്റ് ട്രൈബ്യൂണലിന് അധികാരമില്ല എന്നും

| | | | |
|---|---|---|---|
| | | | ആയതിനാൽ അവ നിലനിൽക്കുന്നതല്ലെന്നും നിരീക്ഷിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ വന പ്രദേശം കയ്യേറി കൈവശം വെക്കുന്നവരെ ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട് . മേൽ സാഹചര്യത്തിൽ, ഈ വന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് വൈദ്യുതീകരണത്തിന് അനുമതി നൽകുവാൻ കഴിയുകയില്ല.എന്നിരുന്നാലും മാനുഷിക പരിഗണന നൽകി ഈ പ്രദേശ വാസികൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഫോറെസ്റ്റ് കൺസർവേഷൻ ആക്റ്റ് 1980പ്രകാരമുള്ള നടപടി കൈക്കൊള്ളുവാൻ 19/01/2021 ൽ വനം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട് |
| (ബി) | കുറുക്കൻകുണ്ട് പ്രദേശത്തേക്ക് പോകുന്നത് പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉള്ള റോഡായിട്ടും ഇതിലൂടെ വൈദ്യുതി ലൈൻ സ്ഥാപിക്കുവാൻ അനുമതി ലഭ്യമാക്കാത്തത് എന്തുകൊണ്ട് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ; | (ബി) | കുറുകൻകുണ്ട് പ്രദേശത്ത് പോകുന്ന റോഡ് വി.എഫ്.സി ഐറ്റം നമ്പർ 124 ബി, സി, ഡി ആയി വിജ്ഞാപനം ചെയ്ത സർക്കാർ നിക്ഷിപ്തവനഭൂമിയുടെ ഭാഗമാണ്. ആയത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതല്ല. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് വനം വകുപ്പിന്റെ അറിവോടെയല്ല. ആയത് നിയമപരവുമല്ല. 01.01.1977 ന് ശേഷമുള്ള കയ്യേറ്റ വനഭൂമിയിൽ വൈദ്യുതി കണക്ഷൻ അനുവദിക്കുവാൻ കഴിയില്ല.എന്നിരുന്നാലും മാനുഷിക പരിഗണന നൽകി ഈ പ്രദേശ വാസികൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഫോറെസ്റ്റ് കൺസർവേഷൻ ആക്റ്റ് 1980 പ്രകാരമുള്ള നടപടി കൈക്കൊള്ളുവാൻ 19/01/2021 ൽ വനം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട് . |
| (സി) | മണ്ണാർക്കാട് ഡി.എഫ്.ഒ. അംഗീകരിച്ച ബയോഡൈവേഴ്സിറ്റി ബോർഡിന്റെ മാപ്പിൽ കുറുക്കൻകുണ്ടിനെ ജനവാസമേഖലയായി അംഗീകരിച്ചിട്ടും ഇവിടത്തെ ജനങ്ങൾക്ക് അടിസ്ഥാന സൗകര്യം നിഷേധിക്കുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ; | (സി) | കുറുക്കൻകുണ്ട് പ്രദേശം ജനവാസകേന്ദ്രമായി മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അംഗീകരിച്ചതായി രേഖകൾ ഒന്നും ലഭ്യമല്ല. 1990-91 കാലത്ത് റവന്യൂ വനം വകുപ്പുകൾ ഈ പ്രദേശത്ത് സംയുക്ത പരിശോധന നടത്തുകയും വനഭൂമി പൂർണ്ണമായും വനഭൂമിയിൽ ഉൾപ്പെടുന്നതാണെന്നും കണ്ടിട്ടുള്ളതാണ്. ഈ വനഭൂമി നിയമാനുസരണം ഡീമാർക്കേഷൻ, നിക്ഷിപ്തവന വിജ്ഞാപനം എന്നിവ കഴിഞ്ഞിട്ടുള്ളതുമാണ് . വനഭൂമിയിൽ വനേതര പ്രവർത്തനങ്ങൾ അനുവദിക്കുന്നത് നിയമവിരുദ്ധമാണ്. |
| (ഡി) | ഇവിടത്തെ ജനങ്ങൾക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുവാൻ തടസ്സം നിൽക്കുന്ന | (ഡി) | വനം വകുപ്പിന്റെ നടപടി നിയമവിധേയമാണ് എന്നിരുന്നാലും മാനുഷിക പരിഗണന നൽകി ഈ |

| | | | |
|---|---|---|---|
| | വനംവകുപ്പിന്റെ നടപടി തിരുത്തുവാൻ നടപടി സ്വീകരിക്കുമോ? | | പ്രദേശ വാസികൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഫോറെസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം സാധ്യമായ നടപടി കൈക്കൊള്ളുവാൻ 19/01/2021 ൽ വനം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ